I ഇ.ബി. XIV - കേരള നിയമസഭ /IV-3

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 ഫെബ്രുവരി 28, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ഗുണ്ടാമാഫിയ അക്രമം

മി. സ്പീക്കർ: സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗുണ്ടാ-മാഫിയാ സംഘത്തിന്റെയും ലഹരി മാഫിയയുടെയും അതിക്രമങ്ങളും അഴിഞ്ഞാട്ടവും

നിയന്ത്രിക്കാൻ ഗവൺമെന്റ് പരാജയപ്പെട്ട പശ്ചാത്തലത്തിലും ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന അനർഹരായ കുറ്റവാളികൾക്ക് ശിക്ഷ ഇളവ് ചെയ്യാൻ നടത്തുന്ന നീക്കങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഗൗരവതരമായ നീക്കവും നിയമ സമാധാന തകർച്ചയും സംബന്ധിച്ച സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അടിയന്തരപ്രമേയ നോട്ടീസിൽ പ്രതിപാദിക്കുംപ്രകാരമുള്ള ഗുണ്ടാ ക്വട്ടേഷൻ മാഫിയാ പ്രവർത്തനം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ചില അനിഷ്ട സംഭവങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടാ മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സാമൂഹിക വിരുദ്ധരെപ്പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെയും ജില്ലാ കളക്ടർമാരെയും റേഞ്ച്

ഐ.ജി. മാരെയും അറിയിക്കുകയും അവർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്യും ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾ പ്രകാരം ബോണ്ടുകൾ വയ്പ്പിക്കുകയും കാപ്പാ ആക്ട് ഉൾപ്പെടെയുള്ള നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തുവരുന്നു. പുതിയതായി 60 പേരുടെ റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്യുകയും കരുതൽ അറസ്റ്റ് പ്രകാരം 1065 പേർക്കെതിരെയും നല്ല നടപ്പിനുള്ള ബോണ്ട് വയ്ക്കൽ പ്രകാരം 148 പേർക്കെതിരെയും സ്ഥിരം കുറ്റവാളികൾക്കുള്ള ബോണ്ടുവയ്ക്കൽ പ്രകാരം 2 പേർക്കെതിരെയും നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വരും നാളുകളിലും ഇത്തരം നടപടികൾ തുടരുന്നതാണ്. പിടിച്ചുപറി, കയ്യേറ്റങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെട്ടതിന്റെ ഭാഗമായി ജനങ്ങൾക്ക് നിർഭയരായി പോലീസ് സ്റ്റേഷനുകളിലെത്തി പരാതി നൽകുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. എൻ.ഡി.പി.എസ്. ആക്ട് പ്രകാരമുള്ള കേസുകളിൽ പോലീസ്, എക്സൈസ് വകുപ്പുകൾ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീസുരക്ഷയ്ക്ക് മുൻഗണന നൽകുകയും സ്ത്രീകൾക്കും

കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങളും ലൈംഗിക കുറ്റകൃത്യങ്ങളും തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ലൈംഗിക കുറ്റവാളികളുടെ ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും തയ്യാറാക്കി സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള പ്രത്യേക ശിക്ഷാ ഇളവ് പ്രഖ്യാപിക്കുന്ന കീഴ്‌വഴക്കമനുസരിച്ച് 2016-ൽ കേരളപ്പിറവിയുടെ വജ്ര ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിവിധ ജയിലുകളിൽനിന്നും 2622 പേരുടെ പ്രൊപ്പോസൽ ജയിൽ വകുപ്പ് സമർപ്പിച്ചെങ്കിലും അർഹരായവരുടെ ലിസ്റ്റാണ് സർക്കാർ പരിഗണിച്ചത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ വാടകക്കൊലയാളികളാണെന്ന് കോടതി വിധിക്കകത്തുതന്നെ പറഞ്ഞിട്ടുള്ളവരുടെ പേരുകൾ റിസംപ്ഷനുവേണ്ടി തയ്യാറാക്കിയ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വ്യക്തമാക്കണം. ഇപ്പോൾ എല്ലാ സ്ഥലത്തും ക്രിമിനൽ കുറ്റങ്ങൾ കൂടിവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 8 മാസക്കാലയളവിനുള്ളിൽ സംസ്ഥാനത്ത് 1,75,000 ആക്രമണ-പീഡന കേസ്സുകൾ നടന്നിട്ടുണ്ട്. കഴിഞ്ഞ UDF-ഗവൺമെന്റിന്റെ

കാലഘട്ടത്തെക്കാൾ ഇത്തരം കേസുകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ഈ അടുത്ത കാലത്ത് സംസ്ഥാനത്ത് നടന്നിട്ടുള്ള 5 കൊലപാതക കേസ്സുകളിലെ പ്രതികളെ പിടിക്കാൻ പോലീസിന് സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കി പ്രതികളെ രക്ഷപ്പെടുത്തുന്ന പോലീസ് നടപടിയോട് യോജിക്കാൻ കഴിയില്ല. ഇപ്പോൾ സദാചാര ഗുണ്ടായിസം വർദ്ധിച്ചു വരികയാണ്. ജിഷ്ണു പ്രണോയിയുടെ ഘാതകരെ കണ്ടെത്തുന്നതിനും യൂണിവേഴ്സിറ്റി കോളേജിൽ ഒരു പെൺകുട്ടിയെയും സുഹൃത്തിനെയും സദാചാര പോലീസ് ചമഞ്ഞ് അക്രമം നടത്തിയവർക്കെതിരെയും കൊല്ലം അഴീക്കലിൽ സദാചാര ഗുണ്ടായിസത്തിനിരയായ അനീഷിന്റെ ഘാതകർക്കെതിരെയും നടപടി സ്വീകരിക്കണം. കേരളത്തിലെ ഗുണ്ടാവിളയാട്ടത്തെക്കുറിച്ച് പ്രമുഖ മാധ്യമങ്ങൾ സർവ്വേ നടത്തിയിട്ട് യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഇത്തരം ക്രൂരമായ സംഭവങ്ങൾ ക്രമസമാധാനരംഗം തകർക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർക്കാർ സ്വീകരിക്കുന്ന നടപടികളെ മറച്ചുവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സംസ്ഥാനത്തെ

ജയിലുകളിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവരുടെ ശിക്ഷ ഇളവുചെയ്ത് വിട്ടുതൽ ചെയ്യുന്നത് സംബന്ധിച്ച് മുൻ സർക്കാർ എടുത്ത തീരുമാനത്തിൽ യാതൊരു വ്യത്യാസവും ഈ ഗവൺമെന്റ് വരുത്തിയിട്ടില്ല. ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്ക് ശിക്ഷാ ഇളവ് നൽകുന്നതിന് 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കണമെന്ന് നിബന്ധനയുണ്ട്. ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളെ ഈ ഇളവിന് പരിഗണിക്കണമെങ്കിൽ 14 വർഷം പൂർത്തിയാകണം. സ്ത്രീപീഡന കേസ്സിന്റെ കാര്യത്തിൽ സർക്കാർ ഒരു തരത്തിലുള്ള ഇളവും നൽകുകയില്ല. എല്ലാ കേസ്സുകളിലും ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ കസേര കത്തിച്ച സംഭവം ഗൗരവമായി കാണുകയും ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജിഷ്ണു പ്രണോയിയുടെ മരണം അന്വേഷിക്കുന്നതിനായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയും കുടുംബത്തിന് സമാശ്വാസമായി 10 ലക്ഷം രൂപ നൽകുകയും ചെയ്തതിനുപുറമേ മാതാപിതാക്കളുടെ ആവശ്യപ്രകാരം സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സദാചാര പോലീസ് ചമഞ്ഞ് പ്രവർത്തിക്കുന്നവർക്കെതിരെ കർക്കശമായ നടപടിയാണ് സർക്കാർ

സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ഗുണ്ടാ പ്രവർത്തനം, മറ്റ് തരത്തിലുമുള്ള അതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ ശക്തമായ നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, റ്റി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ്, കെ. എം. മാണി, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) വിദ്യാർത്ഥി വിരുദ്ധ നടപടികൾ തടയൽ

ശ്രീ. എം. സ്വരാജ്: കേരളീയ വിദ്യാഭ്യാസ രംഗത്തിന് കളങ്കം സൃഷ്ടിക്കുന്ന രീതിയിലാണ് കേരളത്തിലെ പല സ്വകാര്യ സ്വാശ്രയ

വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. വളരെ ഉദാരമായ നിലപാടായിരുന്നു സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകുന്നതിന് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. കരാറുകളെല്ലാം ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ തലവരിപ്പണം വാങ്ങുന്നതും മെറിറ്റ് അട്ടിമറിക്കുന്നതുമുൾപ്പെടെയുള്ള നിരവധി പരാതികളാണ് ഉയർന്നുവന്നിരിക്കുന്നത്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ, മാനസിക പീഡനങ്ങൾ എന്നിവ തടയുന്നതിന് നടപടി സ്വീകരിക്കണം. ഭാവിയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളെ വാർത്തെടുക്കേണ്ട കലാലയങ്ങൾ കോൺസൻട്രേഷൻ ക്യാമ്പുകളായി മാറുന്നത് തടയുന്നതിനും വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സഹായകരമാകുംവിധം മാതൃകാപരമായ അധ്യയനം നടക്കുന്ന സ്ഥാപനങ്ങളായി മാറ്റിയെടുക്കുന്നതിനുമുള്ള ഇടപെടലുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്തെ ചില സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന വിദ്യാർത്ഥി ദ്രോഹ നടപടികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം സ്ഥാപനങ്ങൾക്കെതിരെ

സർക്കാർ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ നിയന്ത്രിച്ചു നിർത്തുന്നതിന് ഇന്റേണൽ അസസ്മെന്റ് സംവിധാനം ദുരുപയോഗപ്പെടുത്തുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇയർ ഔട്ട് സംവിധാനം ഏർപ്പെടുത്തി വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സാങ്കേതിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടിയന്തരമായി പി.ടി.എ. രൂപീകരിക്കണമെന്നും സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നതിനുമുമ്പ് നിർബന്ധമായും പി.ടി.എ. മീറ്റിംഗ് വിളിച്ചുകൂട്ടണമെന്നുമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റാഗിംഗ്

നിരോധിക്കുന്നതിന് നിയമാനുസൃതമായ സംവിധാനം ഏർപ്പെടുത്താത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതോടൊപ്പം സ്വാശ്രയ മേഖലയിൽ നിലനിൽക്കുന്ന വിദ്യാർത്ഥി വിരുദ്ധ നിലപാടുകൾക്ക് കടിഞ്ഞാണിടാൻ സർക്കാർ സാധ്യമായ എല്ലാ ശ്രമവും നടത്തുന്നതാണ്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ജനാധിപത്യവത്ക്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) കസ്തൂരിരംഗൻ റിപ്പോർട്ട്

ശ്രീ. കെ. സി. ജോസഫ്: കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം കേരളത്തിലെ മലയോര മേഖലയെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്. സംസ്ഥാനത്തെ ബാധിക്കുന്ന അതീവ ഗൗരവമായ ഈ വിഷയത്തിൽ ഗവൺമെന്റ് വേണ്ടത്ര ജാഗ്രത

കാണിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം കേരളത്തിന് മാത്രമായി ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് തടസ്സമില്ല. സമഗ്രമായ പഠനം നടത്തി ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി ഇ.എസ്.എ.-യുടെ പരിധി പുനർ നിശ്ചയിച്ചുകൊണ്ട് മുൻ ഗവൺമെന്റ് സമർപ്പിച്ച റിപ്പോർട്ടിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകുകയും അതനുസരിച്ച് രണ്ടുതവണ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ളതുപോലെ 9107 ച.കി.മീ. പ്രദേശം ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കാണുമ്പോൾ ഈ വിഷയംകൂടി ഉന്നയിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി വകുപ്പ് മന്ത്രിയുമായി വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ 9107 ച.കി.മീ. പ്രദേശം വനമായും 886.7 ച.കി.മീ. പ്രദേശം ജനവാസ കേന്ദ്രമായുമാണ്

രേഖപ്പെടുത്തിയിരുന്നത്. തമിഴ്നാട് സർക്കാർ റിപ്പോർട്ട് സമർപ്പിക്കാത്തതിനാലാണ് അന്തിമ വിജ്ഞാപനം വൈകുന്നതെന്നാണ് അറിയാൻ സാധിച്ചത്. കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി കേരളം സന്ദർശിച്ച അവസരത്തിൽ അന്തിമ വിജ്ഞാപനം എത്രയുംവേഗം പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. കൂടാതെ, കേന്ദ്രം പരിസ്ഥിതി ലോലമായി കണക്കാക്കിയ വനേതര പ്രദേശം വേർതിരിച്ച് 9107 ച.കി.മീ. മാത്രം ഇ.എസ്.എ. ആയി തിട്ടപ്പെടുത്തണമെന്നും ബാക്കിയുള്ളവ ഇ.എസ്.എ. പരിധിയിൽ നിന്നൊഴിവാക്കി സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചുകൊണ്ട് സംരക്ഷിക്കേണ്ടതാണെന്നും അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. വനേതര മേഖല സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്തുതല ജൈവ വൈവിദ്ധ്യ മാനേജ്മെന്റ് സമിതികൾക്കും പരിശീലനം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## III സബ്മിഷൻ

(1) വനനശീകരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കടുത്ത വേനലിൽ സംസ്ഥാനത്ത് കാട്ടുതീയിൽപ്പെട്ട് വനം വ്യാപകമായി കത്തിനശിക്കുന്നത് തടയാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): കേരളത്തിൽ കഴിഞ്ഞ വർഷം ലഭിക്കേണ്ട മഴ ലഭിക്കാതിരിക്കുകയും വേനൽക്കാലം ആരംഭിക്കുകയും ചെയ്തതിനാൽ സംസ്ഥാനത്തെ വനമേഖലയിൽ തീയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ വനം വകുപ്പ് വേണ്ടത്ര മുൻകരുതലുകളെടുത്തിട്ടുണ്ട്. വനമേഖലയുടെ സ്വഭാവവും കാട്ടുതീയുണ്ടാകാനുള്ള സാധ്യതയും കണക്കിലെടുത്ത് ഹൈ, മോഡറേറ്റ്, ലോ എന്നിങ്ങനെ തരംതിരിച്ച് ഹോട്ട് സ്പോട്ടുകൾ അടയാളപ്പെടുത്തി ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും വിവിധ സ്കീമുകളിലും പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് വിനിയോഗിക്കുകയും ചെയ്തു വരുന്നു. കാട്ടുതീ കണ്ടെത്തുന്നതിന് സ്ഥിരവും താത്കാലികവുമായി ടവറുകൾ സ്ഥാപിക്കുകയും തീ പടരാതിരിക്കുന്നതിനുള്ള മുൻകരുതലായി ഫയർ ലൈനുകൾ തെളിക്കുകയും ഉപഗ്രഹത്തിന്റെ സഹായത്തോടെ കാട്ടുതീ കണ്ടെത്തി വനംവകുപ്പ്

ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കുന്നതിന് ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കാട്ടുതീ പ്രതിരോധിക്കുന്നതിന് ഫയർ മസ്ദൂർമാരെയും ഫയർ ഗ്യാങ്ങുകളെയും നിയോഗിക്കുന്നുണ്ട്. അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ഫയർ മോണിറ്ററിംഗ് സെല്ലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യം നേരിടാൻ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചു വരുന്നു. വനമേഖലയോടടുത്ത ജനവാസകേന്ദ്രങ്ങളിൽ കാട്ടുതീ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പുമായി സഹകരിച്ച് വനം വകുപ്പ് ജീവനക്കാർക്ക് കാട്ടുതീ നേരിടുന്നതിനുള്ള നൈപുണ്യവും പ്രതിരോധിക്കുന്നതിനുള്ള ഉപകരണങ്ങളും നൽകിയിട്ടുണ്ട്. വനത്തിനുള്ളിൽ ആർദ്രത നിലനിർത്തുന്നതിനായി ജലാശയങ്ങളുടെ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തു. കൂടാതെ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് ഫോറസ്റ്റ് ഫയർ ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. ഈ വർഷം കാട്ടുതീയിൽ ഉണ്ടായ വർദ്ധനവ് ആശങ്കാജനകമല്ല. വനം വകുപ്പിന്റെ ഫലപ്രദമായ

ഇടപെടൽമൂലമാണ് കർണാടകയിലെ ബന്ദിപ്പൂരിലുണ്ടായതുപോലുള്ള അപകടങ്ങൾ കേരളത്തിലുണ്ടാകാത്തത്. വനം സംരക്ഷിക്കുന്നതിനുള്ള ജാഗ്രതാപരമായ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

## (2) അതിവേഗ റെയിൽപ്പാത

ശ്രീ. എം. രാജഗോപാലൻ: കേരളത്തിൽ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ അതിവേഗ റെയിൽപ്പാത പദ്ധതിയിൽ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കിലോമീറ്റർ ദൈർഘ്യമുള്ള ഒരു ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിക്ക് 2010-ൽ അംഗീകാരം നൽകുകയും ഡി.എം.ആർ.സി. സാധ്യതാ പഠനം നടത്തുകയും ചെയ്തു. ഇതിന്റെ മേൽനോട്ടം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനാണ്. പ്രാഥമിക പഠന റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഏകദേശം 100 കിലോമീറ്റർ ദൈർഘ്യമുള്ള പാതയുടെ അതിഭീമമായ ചെലവ് നീതിയുക്തമല്ലാത്തതിനാൽ തിരുവനന്തപുരം മുതൽ കണ്ണൂർ വരെ നിജപ്പെടുത്തിയാണ് ശിപാർശ ചെയ്തിട്ടുള്ളത്. പാത

മംഗലാപുരം വരെ നീട്ടുന്നതിനുള്ള അനുമതിക്കായി കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ കർണ്ണാടക സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയെ ഈ പദ്ധതിയുടെ ഭാഗമാക്കിമാറ്റുന്ന കാര്യത്തിൽ തുറന്ന സമീപനമാണ് സർക്കാരിനുള്ളത്.

(3) പെരിയാറിന്റെ സംരക്ഷണം

ശ്രീ. ജോൺ ഫെർണാണ്ടസ്: പെരിയാറിന്റെ ജലനിരപ്പ് നിലനിർത്തുന്നതിനും ജലമലിനീകരണം തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിരവധി ജലവൈദ്യുത പദ്ധതികളുള്ള പെരിയാറിലെ ജലം വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാലും മഴയുടെ ലഭ്യതക്കുറവുമൂലവും വേനൽക്കാലത്ത് നീരൊഴുക്ക് കുറയാൻ ഇടയാകുന്നു. കൂടാതെ വേമ്പനാട്ട് കായലിൽ നിന്നും ഉപ്പുവെള്ളം കയറുന്നതും പെരിയാറിലെ ആവാസവ്യവസ്ഥയെ സാരമായി ബാധിക്കുന്നു. കുടിവെള്ളം മലിനമാകാതിരിക്കാൻ ഏലൂരിൽ പാതാളത്തും മഞ്ഞുമ്മലും പുറപ്പള്ളിക്കാവിലും റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിച്ച് ഉപ്പു വെള്ളം കയറുന്നത് നിയന്ത്രിക്കുന്നുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ

ശുദ്ധജലമെത്തിക്കുന്നതിനും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും ജില്ലാ കളക്ടർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതാണ്. പെരിയാറിലെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിന് സർവ്വയിലൻസ് വാൻ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. കൂടാതെ പെരിയാറിന്റെ ഇരുകരകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് തത്സമയം രേഖപ്പെടുത്തുന്ന സംവിധാനവും ശുദ്ധീകരിച്ച പാഴ്ജലത്തിന്റെ പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഹരിത കേരളാ മിഷനിൽ പെരിയാറുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് പ്രശ്ന പരിഹാരം കാണുന്നതാണ്.

(4) <u>ജിഷ്ണു പ്രണോയിയുടെ മരണം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയി മരിക്കാനിടയായ സംഭവത്തിൽ ബന്ധപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പാമ്പാടി നെഹ്റു

എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ കമ്പ്യൂട്ടർ വിദ്യാർത്ഥി ജിഷ്ണു പ്രണോയി കോളേജ് മെൻസ് ഹോസ്റ്റൽ ബാത്റൂമിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് അസ്വാഭാവിക മരണത്തിന് സെക്ഷൻ 174 പ്രകാരം പഴയന്നൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും വിശദമായ അന്വേഷണത്തിന് ഇരിങ്ങാലക്കുട എ.എസ്.പി.യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജിഷ്ണുവിന്റെ മരണം കോളേജ് അധികാരികളുടേയും അദ്ധ്യാപകരുടേയും മാനസിക പീഡനംമൂലമാണെന്നാരോപിച്ച് ബന്ധുക്കൾ പരാതി നൽകിയതിനെത്തുടർന്ന് ഊർജ്ജിതമായ അന്വേഷണം നടത്തുകയും കുറ്റക്കാരാണെന്ന് കണ്ടെത്തിയ കോളേജ് ചെയർമാൻ അഡ്വ. കൃഷ്ണദാസ്, വൈസ് പ്രിൻസിപ്പാൾ ശക്തിവേൽ, ഉദ്യോഗസ്ഥനായ സഞ്ജിത്, അസിസ്റ്റന്റ് പ്രൊഫസർമാരായ പ്രവീൺ, ബിപിൻ എന്നിവർക്കെതിരെ വിവിധ വകുപ്പുകൾ പ്രകാരം ഒരു കേസ്സും രക്ഷിതാക്കളെ ഭീഷണിപ്പെടുത്തിയതിന് നെഹ്റു ഗ്രൂപ്പ് ചെയർമാൻ അഡ്വ. കൃഷ്ണദാസിനെതിരെ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(5) <u>ജൻറം വാട്ടർസപ്ലൈ പ്രോജക്ടും സ്വീവറേജ് പ്രോജക്ടും നടപ്പാക്കൽ</u>

<u>ശ്രീ. കെ. മുരളീധരൻ</u>: സംസ്ഥാനത്ത് കുടിവെള്ള പദ്ധതിക്കായി

രൂപീകരിച്ച ജൻറം വാട്ടർസപ്ലൈ പ്രോജക്ടും സ്വീവറേജ് സ്കീമും അടിയന്തരമായി പൂർത്തീകരിക്കുന്നതിനും മരുതൻകുഴി-കുട്ടാൻവിള സ്വീവറേജ് പദ്ധതിയെ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തി കമ്മീഷൻ ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തലസ്ഥാന നഗരിയിലെ കുടിവെള്ള പദ്ധതിക്കായി രൂപീകരിച്ച ജൻറം വാട്ടർ സപ്ലൈ പ്രോജക്ട് കരാറുകാർ സമയബന്ധിതമായി പൈപ്പുലൈനുകൾ കൂട്ടി യോജിപ്പിക്കാത്തതുകൊണ്ടാണ് കമ്മീഷൻ ചെയ്യാൻ കഴിയാത്തത്. സ്വീവറേജ് പമ്പ് ഹൗസുകൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ജൻറം പദ്ധതിയുടെ കാലാവധിക്കുള്ളിൽ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാൻ കോർപ്പറേഷന് കഴിയാതെ വന്നതിനാലാണ് പല വർക്കുകളും ആരംഭിക്കാനാകാത്തത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വർക്കുകൾ ആരംഭിക്കുന്നതാണ്. മരുതൻകുഴി-കുട്ടാൻവിള സ്വീവറേജ് പദ്ധതിക്കായി സ്ഥാപിച്ചിട്ടുള്ള ലൈൻ ജൻറം പദ്ധതിയിലുൾപ്പെടുന്നതല്ല. പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത ലൈൻ അതിലുൾപ്പെടുത്താനും സാധിക്കില്ല.

(6) <u>നഷ്ടപരിഹാരം</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: വരൾച്ചമൂലം വിളനാശം സംഭവിച്ച നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പതിരടക്കമുള്ള നെല്ല്, വയ്ക്കോൽ എന്നിവ സംഭരിച്ച് കാലിത്തീറ്റയ്ക്ക് പ്രയോജനപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനത്ത് 30353 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ച കർഷകർക്ക് ഒരു ഹെക്ടറിന് 13,500 രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന കർഷകർക്ക് ഒരു ഹെക്ടറിന് 12,500 രൂപയും നഷ്ടപരിഹാരമായി നൽകുന്നതാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തുക വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയായ 102 കോടി രൂപ ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ കുടിശ്ശികയിനത്തിൽ 2.07 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോഴുണ്ടായ

കൃഷിനാശത്തിന്റെ നഷ്ടപരിഹാരവും മുൻ കുടിശ്ശികയും ചേർത്ത് 3 കോടി 51 ലക്ഷം രൂപ അനുവദിച്ച് ഇന്നുമുതൽ വിതരണം ചെയ്യുന്നതാണ്.

(7) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന്റെ സ്വകാര്യവൽക്കരണം

ശ്രീമതി സി. കെ. ആശ: ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ സ്വകാര്യവൽക്കരണത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് സംസ്ഥാന സർക്കാർ നേരിട്ടും എം.പി.മാർ മുഖേനയും ആവശ്യപ്പെടണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കമ്പനി സമീപകാലത്തായി ഒട്ടേറെ പ്രതിസന്ധികൾ നേരിടുകയാണ്. കമ്പനിയുടെ നവീകരണത്തിനും ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും ഏകദേശം 450 കോടി രൂപ ചെലവ് വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. എച്ച്.എൻ.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കുന്നതിന് കേന്ദ്ര ധനമന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ് ആന്റ് പബ്ലിക് അസറ്റ് മാനേജ്മെന്റിന്റെ തീരുമാനമനുസരിച്ച് തുടർനടപടികൾ നടന്നുവരികയാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ സംസ്ഥാന

സർക്കാരിന് ലഭിച്ചിട്ടില്ല. എച്ച്.എൻ.എൽ.-നെ മാതൃസ്ഥാപനത്തിൽനിന്നും വേർപെടുത്തി കേന്ദ്ര ഖന വ്യവസായ വകുപ്പിനുകീഴിലുള്ള സ്വതന്ത്ര സ്ഥാപനമാക്കി നിലനിർത്തണമെന്നും കടബാധ്യത തീർക്കാൻ 100 കോടി രൂപ റവന്യ ഗ്രാന്റായോ ലോണായോ അനുവദിക്കണമെന്നും സ്വകാര്യവൽക്കരണ/ഓഹരി വിറ്റഴിക്കൽ നീക്കത്തിൽനിന്നും പിൻമാറി ഈ സ്ഥാപനത്തെ സംരക്ഷിക്കണമെന്നും പ്രധാനമന്ത്രി ഇടപെടണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

(8) വനിതാ ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. പി. ഉബൈദുള്ള : 2015-16 അദ്ധ്യയന വർഷം മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : 2015-16 അദ്ധ്യയന വർഷം മലപ്പുറത്ത് ആരംഭിച്ച സർക്കാർ വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ

വ്യവസായ വകുപ്പിന്റെ 5 ഏക്കർ ഭൂമി സൗജന്യമായി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിനുള്ള നടപടി മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു. പ്രസ്തുത കോളേജിൽ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(9) എൽ.എസ്.എസ്./യു.എസ്.എസ്. തുക വർദ്ധിപ്പിക്കൽ

ശ്രീ. എം. ഉമ്മർ : എൽ.എസ്.എസ്./യു.എസ്.എസ്. തുക 1000 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പൊതുവിദ്യാലയങ്ങളിലെ ലോവർ/ അപ്പർ പ്രൈമറി വിഭാഗത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ കണ്ടെത്തി അനുമോദിക്കുകയെന്ന ലക്ഷ്യത്തോടെയാണ് എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷകൾ നടത്തിവരുന്നത്. ഈ പരീക്ഷകൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഉയർന്ന ചിന്താശേഷികൂടി പരിശോധിക്കുന്ന തരത്തിൽ ചോദ്യങ്ങളുടെ നിലവാരം ഉയർത്തേണ്ടതുണ്ട്.

അത്തരത്തിൽ മാറ്റം വരുത്തിയ സാമ്പിൾ ചോദ്യപേപ്പറുകൾ തയ്യാറാക്കി അടുത്ത അദ്ധ്യയന വർഷത്തിൽ നൽകുന്നതാണ്. നിലവിൽ എൽ.എസ്.എസ്. തുക 200 രൂപയും യു.എസ്.എസ്. തുക 300 രൂപയും വീതം മൂന്ന് വർഷത്തേയ്ക്കാണ് അനുവദിച്ചിരുന്നത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(10) വന്യമൃഗശല്യം

ശ്രീ. ഡി. കെ. മുരളി : തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും കൃഷിക്കാരെ ആക്രമിക്കുന്നതും തടയുന്നതിന് ശാശ്വത പരിഹാരമുണ്ടാക്കുകയും പ്രകൃതി ദുരന്തത്തിന്റെ പട്ടികയിൽപ്പെടുത്തി കൃഷിനാശത്തിന് ധനസഹായവും പരിക്കേറ്റവർക്ക് ചികിത്സാ ധനസഹായത്തിനുപുറമേ നഷ്ടപരിഹാരവും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : തിരുവനന്തപുരം ജില്ലയിൽ വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ജനജാഗ്രതാ സമിതികൾ

രൂപീകരിക്കാനും ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം ശക്തമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ആവാസ മേഖലയിൽത്തന്നെ ആവശ്യത്തിന് വെള്ളം ലഭ്യമാക്കുന്നതിനായി വനത്തിനുള്ളിലെ കുളങ്ങൾ വൃത്തിയാക്കുന്നതിനും പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വന്യമൃഗങ്ങളുടെ പലായനം തടയുന്നതിനും അതിർത്തികളിൽ സോളാർ വേലി കെട്ടുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുരങ്ങുശല്യം വ്യാപകമായ സ്ഥലങ്ങളിൽ ട്രാപ് ഗേജ് നിർമ്മിക്കുകയും അവയെ കാട്ടിലേയ്ക്ക് വിടുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവിശല്യം മുൻകൂട്ടി കർഷകരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്. സോളാർ വേലി നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയ്ക്ക് ഈ സാമ്പത്തികവർഷം 20 ലക്ഷം രൂപയും നഷ്ടപരിഹാര ഇനത്തിൽ 12 ലക്ഷം രൂപയും ആർ.ആർ.ടി.-യുടെ പ്രവർത്തനത്തിന് 3 ലക്ഷം രൂപയും ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾക്കായി 4 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 57 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലി

നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് വനമേഖലയുമായി ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് എത്തിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V അറിയിപ്പ്

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റാൻ അനുവദിക്കണമെന്ന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സഭയുടെ അനുമതിയോടെ അത് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽനിന്നും ഒഴിവാക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ വരൾച്ചയെ സംബന്ധിച്ച പ്രസ്താവനയാണ്

നടത്താനിരുന്നത്. ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയിൽ ഉള്ള സാഹചര്യത്തിൽ പ്രസ്താവന എന്ന് നടത്തുമെന്ന് വ്യക്തമാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : കേരളം നേരിടുന്ന രൂക്ഷമായ വരൾച്ചയുടെ പ്രശ്നം സംബന്ധിച്ച് വിശദമായ പ്രസ്താവന നടത്താനാണ് തയ്യാറായിട്ടുള്ളത്. വളരെ വൈകികിട്ടിയ ചില വിവരങ്ങൾകൂടി പ്രസ്താവനയിൽ ഉൾപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിലാണ് മറ്റൊരവസരത്തിലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടത്. ആയത് നാളെ നടത്തുന്നതാണ്.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നരേന്ദ്രമോദി സർക്കാരിന്റെ നോട്ടുനിരോധനംമൂലമുണ്ടായ പ്രതിസന്ധികൾ

പരിഹരിച്ച്, ജനജീവിതം മുന്നോട്ട് കൊണ്ടുപോകാൻ സഹായകരമായ നിർദ്ദേശങ്ങളും പദ്ധതികളുമാണ് നയപ്രഖ്യാപനത്തിലുള്ളത്. കാരുണ്യ പദ്ധതി ഉൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പരിസ്ഥിതി, വ്യവസായം, സമ്പദ്ഘടന മെച്ചപ്പെടുത്തൽ, സഹകരണ പ്രസ്ഥാനം ചിട്ടപ്പെടുത്തൽ, സ്ത്രീ സുരക്ഷ എന്നിങ്ങനെ സർവ്വതലസ്പർശിയായി കേരളത്തിന്റെ വർത്തമാനകാല ജീവിത യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുകയും അതിന് പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്ന നയപ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളീയരെ നിരാശയിലാഴ്ത്തിയ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ നടത്തിയത്. മുൻവർഷങ്ങളിലെ നയപ്രഖ്യാപന പ്രസംഗങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നടപ്പാക്കിയവയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ വയ്ക്കാൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാർ ആരംഭിച്ച കൊച്ചി മെട്രൊ റെയിൽ, കണ്ണൂർ വിമാനത്താവളം എന്നീ പദ്ധതികൾ ഇപ്പോൾ മന്ദഗതിയിലാണ് നീങ്ങുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ

നിന്നുള്ള ധനസഹായത്തിന് കാലതാമസം നേരിടുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം പൂർണ്ണമായും സ്തംഭിക്കുകയും സാമൂഹ്യ സുരക്ഷാ പദ്ധതികളെല്ലാം ഇല്ലാതായിക്കൊണ്ടിരിക്കുകയുമാണ്. ക്യാബിനറ്റ് തീരുമാനങ്ങൾ വിജിലൻസിന് നൽകുന്ന നടപടി തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിക്കും. പോലീസ് യഥാസമയം നടപടി സ്വീകരിച്ചിരുന്നെങ്കിൽ അനീഷിന്റെ ആത്മഹത്യ ഒഴിവാക്കാമായിരുന്നു.

ശ്രീ. കെ. രാജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. 2013-ൽ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയപ്പോൾ കേരളത്തിന് അർഹതപ്പെട്ട അരി വിഹിതം ലഭ്യമാക്കാനും അർഹതപ്പെട്ടവരെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്താനും അന്നത്തെ യു.ഡി.എഫ് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തരിശുനിലങ്ങളിലും റാണി, മെത്രാൻ കായൽ പ്രദേശങ്ങളിലും ആറന്മുള വിമാനത്താവളത്തിന്റെ പരിസരത്തും കൃഷി ആരംഭിക്കുന്നതിനും കൂടുതൽ പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറി രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാധിച്ചു. പ്രകൃതിക്ഷോഭത്തിൽ വിളനാശം സംഭവിച്ചവർക്ക് യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനും

കുമ്മായത്തിന് സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. 1977-ന് മുമ്പ് വനഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മലയോര മേഖലയിലെ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതഗതിയിലാക്കണം. ടെക്സ്റ്റൈൽ മേഖല പുനരുദ്ധരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിതമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. മലയോര തീരദേശ ഹൈവേകൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, ജിയോടെക്സ്റ്റ് എന്നിവ റോഡ് നിർമ്മാണത്തിലുൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം തുടങ്ങിയ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിൽ എല്ലാ മേഖലകളിലും അടിസ്ഥാനപരമായ ഒട്ടേറെ മാറ്റങ്ങൾ കൊണ്ടുവരുമെന്ന പ്രഖ്യാപനത്തോടെ അധികാരമേറ്റ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പൂർണ്ണപരാജയം കഴിഞ്ഞ ഒൻപത് മാസക്കാലമായി

കേരളജനതയ്ക്ക് അനുഭവിക്കേണ്ടിവന്നുവെന്നത് തികച്ചും നിർഭാഗ്യകരമാണ്. വിഭവ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഭരണമികവ് കാഴ്ചവയ്ക്കുന്ന തരത്തിൽ നേതൃവൈഭവത്തോടുകൂടി പ്രവർത്തിക്കുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അനിയന്ത്രിതമായി കുതിച്ചുയരുന്ന അരി വില പിടിച്ചുനിർത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. പുരുഷൻ കടലുണ്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുമ്പുതന്നെ മുഴുവൻ പാഠപുസ്തകങ്ങളും എത്തിക്കുമെന്നും ഹൈടെക് സ്കൂൾ പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ - എയ്ഡഡ് ഹൈസ്കൂളുകളിലെയും ഹയർ സെക്കന്ററി സ്കൂളുകളിലെയും 8 മുതൽ 12-ാം തരം വരെയുള്ള എല്ലാ ക്ലാസ്സ് മുറികളും 2017-ഓടെ സ്മാർട്ട് ക്ലാസ് മുറികളാക്കി മാറ്റുമെന്നും അടുത്ത രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുമെന്നുമുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന വിധത്തിൽ കേരളത്തിലെ 130- ഓളം സ്കൂളുകളെ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക്

കൊണ്ടുവരുന്നതിനും പുതുതലമുറയെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'വിമുക്തി' പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനും ഭൂപരിഷ്കരണം, സമ്പൂർണ്ണ സാക്ഷരത, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, അധികാര വികേന്ദ്രീകരണം തുടങ്ങിയ സാമൂഹിക-സാമ്പത്തിക പരിഷ്കാരങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നതിനും നവകേരള മിഷൻ പ്രഖ്യാപിക്കുന്നതിനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള 1300 ലൈബ്രറികൾ വൈ-ഫൈ സൗകര്യത്തോടുകൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനും സ്കൂൾ കുട്ടികളുടെ സർഗ്ഗശക്തി പുറത്തുകൊണ്ടുവരുന്നതിന് അവരുടെ താൽപ്പര്യാർത്ഥമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനും കുട്ടികളുടെ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനും ലോകോത്തര ക്ലാസിക്കൽ സിനിമകളെ പരിചയപ്പെടുത്തുന്നതിനായി നടത്തിവരുന്ന ഐ.എഫ്.എഫ്.കെ.യുടെ മാതൃകയിൽ ഐ.റ്റി.എഫ്.ഒ.കെ. (ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള) നടത്തുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനം ലക്ഷ്യമിട്ടുകൊണ്ട് കേരളം ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന 'ഗധിക'

എന്ന സാംസ്കാരിക പരിപാടിക്ക് ജനശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞുവെന്നത് ഗവൺമെന്റിന് അഭിമാനിക്കാവുന്ന കാര്യമാണ്. ടൂറിസം സാധ്യതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിലൂടെ കേരളത്തിന് ടൂറിസം രംഗത്ത് വളരെയധികം പുരോഗതി കൈവരിക്കാനും വരുന്ന 5 വർഷ കാലയളവിനുള്ളിൽ 4 ലക്ഷത്തിലധികം തൊഴിലവസരങ്ങളുണ്ടാക്കാനും സാധിക്കും. ടൂറിസം വകുപ്പ് ആരംഭിച്ച 'ഗ്രീൻ കാർപെറ്റ്' സംരംഭങ്ങൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. എല്ലാ വകുപ്പുകളും ചേർന്നുള്ള ഒരു കൺസോർഷ്യമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നോട്ട് നിരോധനത്തിന്റെ ഫലമായി ഭീകരമായ സാമ്പത്തിക അടിയന്തരാവസ്ഥയാണ് കേരളം നേരിട്ടുകൊണ്ടിരിക്കുന്നത്. 2017 മാർച്ച് 31-ന് മുമ്പ് എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാവർക്കും ഭൂമിയും ഭവനവും എന്ന ആശയം പ്രശംസനീയമാണ്. ഇ.എം.എസ്. ഭവന പദ്ധതി തിരികെ കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തണം. പൊതുവിദ്യാഭ്യാസം പുനരുദ്ധരിക്കുന്നതിനും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനും കേരളത്തിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലും ഡിജിറ്റൽ ക്ലാസ്സുകൾ തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കിഫ്ബി പദ്ധതിയിലൂടെ

സ്വരൂപിക്കുന്ന പണം അടിസ്ഥാന സൗകര്യവികസനത്തിനായി ഉപയോഗിക്കുമെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. സർക്കാർ ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് അഴിമതിരഹിതമായി മുന്നോട്ടുപോകുന്നതോടൊപ്പം സെക്രട്ടേറിയറ്റിലെ ഫയലുകളുടെ മെല്ലെപ്പോക്ക് തിരിച്ചറിയുകയും അതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. കെ. എം. മാണി: ചില തിരുത്തലുകളോടുകൂടി നന്ദിപ്രമേയത്തെ സ്വാഗതം ചെയ്യുന്നു. ഗവർണറുടെ പ്രസംഗത്തിൽ 'ക്രമസമാധാന പാലനത്തിൽ കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമായി ഇൻഡ്യ ടുഡേ തെരഞ്ഞെടുത്തുവെങ്കിലും എന്റെ സർക്കാർ ഇതിൽ സംതൃപ്തിയടയാതെ സംസ്ഥാനത്തെ പോലീസിംഗും ക്രമസമാധാനവും കൂടുതൽ മെച്ചപ്പെടുത്താൻ യത്നിക്കും' എന്ന് പറഞ്ഞിരിക്കുന്നത് വിരോധാഭാസമായതിനാൽ അത് തിരുത്തേണ്ടതാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തേക്കാൾ 61,000 ക്രിമിനൽ കേസുകളാണ് കഴിഞ്ഞ 8 മാസത്തിനിടയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. നയപ്രഖ്യാപനത്തിൽ 'എന്റെ ഗവൺമെന്റിനെതിരെ അഴിമതിയാരോപണങ്ങൾ ഒന്നുമില്ല' എന്ന് പറഞ്ഞിരിക്കുന്നതും ശരിയല്ല.

അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെ ശ്രീ. ഇ. പി. ജയരാജൻ രാജി വച്ചതും, മന്ത്രിമാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ എന്നിവർക്കെതിരെയുള്ള അഴിമതിയാരോപണത്തിന് ക്വിക്ക് വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുന്നതും ശരിയല്ലേ എന്ന് വ്യക്തമാക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ കിഫ്ബിയെപ്പറ്റി പറഞ്ഞിരുന്നു. നയപ്രഖ്യാപനത്തിൽ കിഫ്ബിയുടെ ആദ്യ യോഗത്തിൽ നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായെന്നും 2017 മാർച്ചിനുമുമ്പ് പതിനായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകാൻ കഴിയുമെന്നാണ് സർക്കാരിന്റെ വിശ്വാസമെന്നുമാണ് ഗവർണർ പറഞ്ഞിരിക്കുന്നത്. ഇത് ശരിയല്ല. കിഫ്ബി ബോർഡ് ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയോ നോട്ടിഫൈ ചെയ്യുകയോ ചെയ്തിട്ടില്ല. കിഫ്ബി പദ്ധതി അംഗീകരിക്കണമെങ്കിൽ നോട്ടിഫിക്കേഷനുണ്ടാക്കി അതനുസരിച്ച് ചട്ടങ്ങളും പദ്ധതികളുമുണ്ടാക്കണമെന്നാണ് നിയമം. അത് ഇതുവരെയും നടന്നിട്ടില്ല. കെ.എസ്.എഫ്.ഇ.-ക്ക് 25000 കോടി രൂപയുടെ പ്രവാസി

ചിട്ടികൾ തുടങ്ങുവാൻ അംഗീകാരം കിട്ടിയെന്നും അത് ആരംഭിക്കുമ്പോൾ ലഭിക്കുന്ന സെക്യൂരിറ്റി തുക കെ.എസ്.എഫ്.ഇ. കിഫ്ബിയിൽ നിക്ഷേപിക്കുമെന്നും ആ തുക പദ്ധതികൾ തുടങ്ങുന്നതിന് ഉപയോഗിക്കുമെന്നുമാണ് ആദ്യ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിൽ പണം ലഭിക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കിയത്. ഇതെല്ലാം ചെയ്യണമെങ്കിൽ പാർലമെന്റ് പാസ്സാക്കിയ ചിട്ടി നിയമത്തിൽ ഭേദഗതി വരുത്തണം. ആ ഭേദഗതി വരുത്തിയിട്ടില്ല. കിഫ്ബിക്ക് കഴിഞ്ഞ വർഷം വകമാറ്റിക്കൊടുത്ത 849 കോടി രൂപ മാത്രമേയുള്ളൂ. അതും സി. ആന്റ് എ.ജി ഒബ്ജക്ട് ചെയ്തിരിക്കുകയാണ്. കിഫ്ബിവഴി പ്രഖ്യാപിച്ച ഒരു പദ്ധതിയും നടപ്പിലാക്കാൻ കഴിയുന്നില്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന കാരുണ്യ ബെനവലന്റ് പദ്ധതി മറ്റ് പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുമെന്ന് പറയുന്നതിന്റെ കാരണം വ്യക്തമാക്കണം. ഒരു ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതി നല്ലതാണെങ്കിൽ അതിനെ ഇല്ലായ്മ ചെയ്യാതെ മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കേണ്ടത്. യു.ഡി.എഫ്. ഭരണകാലത്ത് ലോട്ടറി വരുമാനം വർദ്ധിച്ചതിനുപുറമെ ഗവൺമെന്റ് കാരുണ്യ

ലോട്ടറി തുടങ്ങുകയും അതിൽനിന്നുള്ള വരുമാനം കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ കൊടുക്കുകയും ചെയ്തു. കർഷകത്തൊഴിലാളി പെൻഷൻ മുടങ്ങിക്കിടക്കുകയാണ്. 'അമൂൽ' മോഡലിന്റെ രീതിയിൽ റബ്ബർ മേഖലയ്ക്കുവേണ്ടി ഒരു സഹകരണ സംവിധാനം സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അത് നടപ്പിലാകുന്നതുവരെ റബ്ബറിന്റെ വില സ്ഥിരതാ ഫണ്ട് തുടരുകയും ഒരു കിലോയ്ക്ക് 200 രൂപവച്ച് റബ്ബർ സംഭരിക്കുകയും ചെയ്യണം.

<u>ശ്രീമതി ഗീതാ ഗോപി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭൂമിയിലെ മനുഷ്യന്റെ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് 'ഹരിത കേരളം' പദ്ധതി. പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും പക്ഷത്തുനിന്നുകൊണ്ട് മാത്രമേ ഈ സർക്കാരിന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ സർക്കാർ ധാരാളം ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇടതുപക്ഷ സർക്കാർ വാക്കിൽ മാത്രമല്ല പ്രവൃത്തിയിലും സുതാര്യത ഉറപ്പുവരുത്തുകയാണ്. തെറ്റ് പറ്റിയാൽ തിരുത്താനുള്ള ചങ്കുറ്റം ഈ സർക്കാരിനുണ്ട്. ജനകീയവും ജനക്ഷേമകരവുമായിട്ടുള്ള വികസന കാര്യങ്ങളിലൂടെ മുന്നോട്ടുപോകാൻ

സർക്കാരിന് പ്രതിബദ്ധതയുണ്ട്. എല്ലാ സ്ത്രീകളെയും സമഭാവനയോടെ കാണുന്ന ഈ സർക്കാരിന് വളരെ ദീർഘമായ വികസന കാഴ്ചപ്പാടാണുള്ളത്. മത്സ്യബന്ധനം, വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, വ്യവസായം എന്നീ മേഖലകളിലൊക്കെ ജനകീയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. എല്ലാ സ്കൂളുകൾക്കും അന്തർദ്ദേശീയ-ഹൈടെക് നിലവാരത്തിലെത്താൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ത്രിതല ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള 'ആർദ്രം' പദ്ധതി സ്വാഗതാർഹമാണ്. ഈ ഗവൺമെന്റിന്റെ വികസന നയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവരവരുടെ മണ്ഡലങ്ങളിൽ പ്രവർത്തിക്കാൻ എല്ലാ എം.എൽ.എ.-മാരും പ്രതിജ്ഞാബദ്ധരാണ്.

<u>ശ്രീ. വി. ടി. ബൽറാം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പറഞ്ഞ കാര്യങ്ങളിൽ ഒട്ടും ആത്മാർത്ഥത കാണാൻ സാധിച്ചില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കണം. അരി വില വർദ്ധിക്കുകയും പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയുമാണ്. ക്ഷേമപെൻഷനുകൾ കൃത്യമായി

വീട്ടുകളിലെത്തിക്കുമെന്ന് പറഞ്ഞത് നടപ്പിലാക്കാൻ സാധിക്കുന്നില്ല. എല്ലാ പദ്ധതികളും പ്രഖ്യാപന രൂപത്തിൽത്തന്നെ നിൽക്കുകയാണ്. അഴിമതിക്കെതിരെ ആത്മാർത്ഥമായ സമീപനം കൈക്കൊള്ളാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പോലീസിലെ ക്രിമിനൽവത്കരണവും സദാചാര പോലീസ് ചമയലും തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. സംഘപരിവാറിനെതിരെ ഈ ഗവൺമെന്റെടുക്കുന്ന എല്ലാ നിലപാടുകളെയും പ്രതിപക്ഷം പിന്തുണയ്ക്കുന്നതാണ്. കോൺഗ്രസ്സിലൂടെ മാത്രമേ ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കുന്നതിന് സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് നയസമീപനങ്ങളിൽ മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. കെ. ആൻസലൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി ഏപ്രിൽ മാസത്തിൽ കേരളം മാറുകയാണ്. 1996-ലെ നായനാർ ഗവൺമെന്റിൽ ശ്രീ. പിണറായി വിജയൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് 1058 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലെത്താൻ കേരളത്തിന് കഴിഞ്ഞത്. എന്നാൽ

വൈദ്യുതിരംഗത്തെ മുന്നേറ്റത്തെ തകർക്കുന്ന നയസമീപനങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റുകൾ സ്വീകരിച്ചുവന്നിരുന്നത്. ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങി കുത്തക കമ്പനികൾക്ക് ലാഭമുണ്ടാക്കിക്കൊടുത്തതിലൂടെ 1522 കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് കഴിഞ്ഞ സർക്കാർ വരുത്തിവച്ചതെന്ന് സി.&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധങ്ങളായ പദ്ധതികൾക്ക് ഗവൺമെന്റ് തുടക്കംകുറിച്ചിട്ടുണ്ട്. സുശക്തമായ ഒരു പോലീസ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ശങ്കർ കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുന്നതിനും ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും സർക്കാർ തയ്യാറാകണം. അയ്യാ വൈകുണ്ഠസ്വാമിയുടെ സ്മാരകം യാഥാർത്ഥ്യമാക്കുന്നതിനും നാടാർ സമുദായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടിയുണ്ടാകണം. മത്സ്യബന്ധനത്തിനിടെ മരണമടഞ്ഞ കൊല്ലത്തെ മത്സ്യത്തൊഴിലാളിയായ ആൻഡ്രൂസിന്റെ കുടുംബത്തിന് ധനസഹായം നൽകണം. ഗ്രീൻഫീൽഡ് വിമാനത്താവളം സംബന്ധിച്ച പ്രഖ്യാപനം ബഡ്ജറ്റിലുൾക്കൊള്ളിക്കാൻ തയ്യാറാകണം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോൺഗ്രസ് സ്വീകരിച്ച നിലപാടുകളാണ് രാജ്യത്ത് വർഗ്ഗീയശക്തികളെ അധികാരത്തിലെത്താൻ സഹായിച്ചത്. ഭരിച്ചിരുന്ന സമയത്ത് സ്ത്രീസുരക്ഷയ്ക്കായി യാതൊരു നടപടിയും സ്വീകരിക്കാതെ ഇപ്പോൾ സർക്കാരിനെ കുറ്റപ്പെടുത്തുന്ന യു.ഡി.എഫ്. നിലപാട് ലജ്ജാകരമാണ്. ഐ.റ്റി. പാർക്കുകളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിൽ കേന്ദ്രസർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് സ്ത്രീകളുടെ ജീവിതസുരക്ഷയ്ക്കാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഒരു വനിതാ പോലീസ് ഓഫീസറുടെ സന്ദർശനം നിർബന്ധിതമാക്കുമെന്നും പ്രഥമ വനിതാ ബറ്റാലിയൻ രൂപീകരിക്കുമെന്നും സേനയിൽ വനിതകളുടെ പ്രാതിനിധ്യം 15 ശതമാനമാക്കി ഉയർത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. സ്ത്രീ സുരക്ഷയ്ക്കായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ആയിരം ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുമെന്നും ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥാനങ്ങളെ സംബന്ധിച്ച് "സ്വതന്ത്രമായി ജീവിക്കുക" എന്നതായിരിക്കും സർക്കാരിന്റെ നയമെന്നും പൊതുസ്ഥലങ്ങളിൽ ആയിരം വൈ-

ഹൈ ഹോട്ട്സ്പോട്ടുകൾ ഏർപ്പെടുത്തുമെന്നും 1000 കോടി രൂപ ചെലവിൽ 1000 കി.മീ. പ്രധാന ജില്ലാ റോഡുകൾ നാഷണൽ ഹൈവേയുടെ നിലവാരത്തിൽ ഉയർത്തുമെന്നുമൊക്കെയുള്ള പ്രഖ്യാപനങ്ങളിൽ വ്യക്തത വരുത്തണം. മെഡിക്കൽ കോളേജുകളുടേയും ജനറൽ ആശുപത്രികളുടേയും വികസനത്തിനായി യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. വിഭാഗീയതയിലൂന്നിയ ഒരു ഭരണമാണ് സംസ്ഥാനത്ത് നടക്കുന്നത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത ഗവൺമെന്റ് നടപടിയെ അഭിനന്ദിക്കുന്നു. അഞ്ചുവർഷക്കാലയളവിനുള്ളിൽ എല്ലാ ഭവനരഹിതർക്കും സുരക്ഷിതമായ പാർപ്പിടം നൽകുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. മാർച്ച് 31-നകം സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന് അർഹമായ റേഷൻ വിഹിതം വെട്ടിക്കുറച്ചതിന് കേന്ദ്ര ഗവൺമെന്റും കോൺഗ്രസ് നേതൃത്വവും ഉത്തരവാദികളാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ ഈ ഗവൺമെന്റ് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. എൽ.എ. പട്ടയങ്ങളുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കണം.

ശ്രീ. കെ. മുരളീധരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻ ഗവൺമെന്റിന്റെ പദ്ധതികളും വികസന പ്രവർത്തനങ്ങളും അട്ടിമറിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കരമന-കളിയിക്കാവിള റോഡിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോ റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൊച്ചി മെട്രോയുടെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ല. തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്ക് അനുമതി ലഭിക്കില്ലെന്നുള്ള വാർത്തകൾ പുറത്തുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ പദ്ധതി പ്രകാരവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നില്ല. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആവശ്യത്തിന് തുക അനുവദിക്കുന്നില്ല. ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. എ. എം. ആരിഫ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകാൻ പര്യാപ്തമായ നയസമീപനങ്ങളാണ് നന്ദി പ്രമേയ ചർച്ചയിലുടനീളം കാണാൻ കഴിയുന്നത്. നോട്ട് നിരോധനംമൂലമുണ്ടായ പ്രതിസന്ധിക്കും കഴിഞ്ഞ സർക്കാരുണ്ടാക്കിയ കടബാധ്യതയ്ക്കും ഇടയിൽ നിന്നുകൊണ്ട് കേരളത്തെ ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന വിധത്തിൽ 'വിസർജ്ജ്യ വിമുക്ത' സംസ്ഥാനമായി പ്രഖ്യാപിക്കപ്പെടുമെന്നതും മാർച്ച് മാസത്തോടുകൂടി 'സമ്പൂർണ്ണ വൈദ്യുതീകരണം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുമെന്നതും സ്വാഗതാർഹമാണ്. സംസ്ഥാനത്തിനർഹമായ റേഷൻവിഹിതം വെട്ടിക്കുറച്ചതിന് യു.ഡി.എഫ് ഗവൺമെന്റ് ഉത്തരവാദിയാണ്. കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷയ്ക്കുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല.

സഭ ഉച്ചയ്ക്കുശേഷം 3.13-ന് പിരിഞ്ഞു.

.........